പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **3640**

30.01.2014 ൽ മറുപടിയ്ക്ക്

## പൊന്നാനി സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത മനുഷ്യക്കടത്തു കേസ് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | ശ്രീലങ്കയിൽ നിന്നുള്ള മനുഷ്യ ക്കടത്തുമായി ബന്ധപ്പെട്ട് പൊന്നാനി പോലീസ് സർക്കിൾ ഇൻസ്പെക്ടർ/സബ് ഇൻസ്പെക്ടർ ഓഫീസുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ അന്വേഷണം പൂർത്തീകരിച്ചി ട്ടുണ്ടോ ; | (എ) | പൂർത്തീകരിച്ചിട്ടില്ല. ശ്രീലങ്കൻ വംശജരായ അഭയാർത്ഥികളിൽ നിന്നും ഓരോ ലക്ഷം രൂപ വാങ്ങി ഓസ്ട്രേലിയയിൽക്കൊണ്ടുപോയി ജോലി വാങ്ങിക്കൊടുക്കാം എന്ന് പറഞ്ഞ് വിശ്വസി പ്പിച്ച് 2012 ആഗസ്റ്റ് മാസം അവസാനത്തെ ഒരു ദിവസം നിലവിലുള്ള ഫോറിനേഴ്സ് ആക്റ്റിന് വിപരീതമായി രേഖകളൊന്നുമില്ലാതെ പൊന്നാനി ഫിഷിംഗ് ഹാർബറിൽ നിന്നും ഓസ്ട്രേലിയയിലേക്ക് ബോട്ട് മാർഗ്ഗം കടത്തി വിടാൻ പ്രതികൾ പ്രവർത്തിച്ചു വഞ്ചന ചെയ്തു എന്ന കാര്യത്തിന് ശക്തികുളങ്ങര പോലീസ് സ്റ്റേഷനിൽ നിന്നും ട്രാൻസ്ഫർ ചെയ്ത എഫ്.ഐ.ആർ. പ്രകാരം പൊന്നാനി പോലീസ് സ്റ്റേഷൻ ക്രൈം 1114/2012 u/s 420 IPC and 14(C) Foreigners Act ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്ന താണ്. |
| (ബി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; | (ബി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അഞ്ചുപേരെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്.<br>1. ദിനേശ് കുമാർ S/o ചിന്നത്തമ്പി, നാമക്കൽ<br>2. ഇസ്ഹാഖ്, പൊന്നാനി<br>3. ഷംസുദ്ദീൻ, പൊന്നാനി<br>4. കബീർ, പൊന്നാനി<br>5. ഷാജഹാൻ, പൊന്നാനി |

....2

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കേസ് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരുവിവരം ലഭ്യമാക്കാമോ; | (സി) | പ്രസ്തുത കേസ് ഇപ്പോൾ അന്വേഷിക്കുന്നത് ശ്രീ. എൻ. കെ.വേണുഗോപാലൻ, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, പൊന്നാനി |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് വാഹനങ്ങളോ ബോട്ടുകളോ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ; എങ്കിൽ അവ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ ? | (ഡി) | കേസുമായി ബന്ധപ്പെട്ട് ബോട്ടുകളോ, വാഹനങ്ങളോ പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടില്ല. കസ്റ്റംസ് ഒരു ബോട്ട് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ